# നിർമ്മിത ബുദ്ധി - സർഗ്ഗാത്മകതയോ സംഹാരമോ?

ഇന്ന് ആധുനികതയുടെ ഉന്നത പടവുകൾ ചവിട്ടിക്കൊണ്ടാണ് നമ്മുടെ ലോകം മുന്നേറുന്നത്. അതിന്റെ അടയാളങ്ങളാണ് ഇന്ന് നമ്മുടെയിടയിലേക്ക് എത്തിയിരിക്കുന്ന നിർമ്മിത ബുദ്ധിയിൽ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ആപ്പുകളും വെബ്സൈറ്റുകളും മറ്റും. ഇവ കൊണ്ട് നമ്മുക്ക് ഒരുപാട് ഗുണങ്ങൾ ഉണ്ട്. എന്നാൽ അതിലേറെ ദോഷങ്ങളും ഉണ്ടാകുന്നു. അതിനാൽ തന്നെ ഇന്നത്തെ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയം തന്നെയാണ് 'നിർമ്മിത ബുദ്ധി - സർഗ്ഗാത്മകതയോ സംഹാരമോ'? എന്നത്.

## എന്താണ് നിർമ്മിത ബുദ്ധി?

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിത ബുദ്ധി എന്നത് കംപ്യൂട്ടർ അടിസ്ഥാനമായി പ്രവർത്തിക്കുന്നതും ഈ ലോകത്ത് നടക്കുന്ന പല കാര്യങ്ങളെ പറ്റിയും നമ്മുക്ക് അറിവും പകർന്നു നൽകുന്ന ഒരു സാങ്കേതിക വിദ്യയാണ്. ഇവ നമ്മുടെയിടയിലേക്ക് എത്തിയിട്ട് അധികകാലമൊന്നുമായിട്ടില്ല.

ഇത് വന്നതോടെ പല കണ്ടുപിടുത്തങ്ങളും, ടെക്നോളജിയുമെല്ലാം നമ്മുടെ ലോകത്തുണ്ടായി. ഒരു വശത്ത് ഇത് ശാസ്ത്രത്തെ ഉയർത്തി കൊണ്ടുവരുമ്പോൾ

മനുവംശത്ത് മാനുഷിക മൂല്യങ്ങൾ ഇടിഞ്ഞുകൊണ്ടിരിക്കു-കയാണ്.

## നഷ്ടമാകുന്ന മാനുഷിക മൂല്യങ്ങൾ

ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളെയും അപേക്ഷിച്ച് മനുഷ്യർക്ക് വളരെയധികം കാര്യക്ഷമതയുള്ള ഒരു തലച്ചോറാ-ണ് ലഭിച്ചിരിക്കുന്നത്. അവർക്ക് ചിന്തിക്കാനുള്ള കഴിവും, ത്യാജ്യഗ്രാഹ്യവിവേചനാശക്തിയുമുണ്ട്. അതുപോലെതന്നെ മനുഷ്യർക്ക് മാത്രമായി ലഭിച്ചിരിക്കുന്ന ഒന്നാണ് മാനുഷിക-മൂല്യങ്ങൾ. സ്നേഹം, ദയ, കരുണ, സഹാനുഭൂതി, വിനയം, ബഹുമാനം ... അങ്ങനെ മൂല്യങ്ങൾ ഏറെയാണ്.

ഇത്തരം മൂല്യങ്ങൾ ഒരു നിർമ്മിത ബുദ്ധിക്കുമില്ല. അവർക്ക് അവരുടെ ചിപ്പുകളിൽ ജിബികളാക്കി നിറച്ചുവച്ചി-രിക്കുന്ന കാര്യങ്ങൾ മാത്രമേ അറിയൂ. ~~ആരെ~~ ആരെ ബഹുമാനിക്കണം, ആരോട് ദയ കാണിക്കണം, ആരെ സ്നേഹിക്കണം എന്നൊന്നും തന്നെ അവർക്കറിയില്ല. അതിനാൽ തന്നെ ഇവ അത്യധികം അപകടകാരികളു-മാണ്.

അതിനുദാഹരണമാണ് നമ്മുടെ മലയാളത്തിലിറങ്ങിയ സുരാജ് വെഞ്ഞാറമൂട് അഭിനയിച്ച 'ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ' എന്ന സിനിമ. അതുപോലെതന്നെ രജനികാന്ത് അഭിനയിച്ച

64-ാമത് കേരള സ്കൂൾ കലോത്സവം തിയ്യതി................... പ്രോഗ്രാം കമ്മിറ്റി

തമിഴിലെ ~~ഈ~~ 'എന്തിരൻ' എന്ന സിനിമയൊക്കെ ഇതിലെല്ലാം മനുഷ്യനിർമ്മിതിയായ റോബോട്ടുകൾ തന്റെ ഉടമയെ തന്നെ ഉപദ്രവിക്കാൻ തയ്യാറാകുന്നത് നമ്മുക്ക് കാണാം.

മനുഷ്യനെ പോലെ വിവേകത്തോടെ ചിന്തിക്കാനോ, പെരുമാറാനോ നിർമ്മിത ബുദ്ധിക്ക് കഴിയില്ല.

## യുദ്ധങ്ങളിൽ നിർമ്മിത ബുദ്ധിയും പങ്കാളിയാകുമ്പോൾ....

ഇന്ന് നമ്മുടെ മുമ്പിലൂടെ ഒരുപാട് യുദ്ധങ്ങൾ കടന്നുപോകുന്നു. റഷ്യ-ഉക്രൈൻ യുദ്ധം, ~~ഇസ്രായേൽ - പാലസ്തീ~~ ഇന്ത്യ-പാകിസ്ഥാൻ യുദ്ധം, ഇസ്രായേൽ-പാലസ്തീൻ യുദ്ധം എന്നിങ്ങനെ എറുന്നു. ഇവയിൽ പലരും നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ ഡ്രോണുകളും, ആയുധങ്ങളും മറ്റും ഉപയോഗിക്കുന്നു. ഒരു രാജ്യത്തിന്റെ ഉള്ളിലേക്ക് ആ രാജ്യത്തിന്റെ അനുവാദമില്ലാതെ കടന്നുകയറി അവിടുത്തെ വിവരങ്ങൾ അറിയാനായി മറ്റും നിർമ്മിതബുദ്ധിയിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ശത്രുരാജ്യക്കാർ ഉപയോഗിക്കുന്നു.

ഒരാളുടെ സ്വകാര്യതയിലേക്ക് കടന്നുകയറാൻ വരെ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നു. ~~ഇ~~ വെടിയുണ്ടകൾക്കും, മിസൈലുകൾക്കുമൊന്നും ഭാഷയില്ല. എല്ലാം നശിപ്പിക്കണം,..

പൊട്ടിച്ചിതറിക്കണം എന്ന് മാത്രമേ ~~അവർക്ക~~ അതിനറിയൂ. അതിന്റെ കൂടെ കൃത്രിമ ബുദ്ധി കൂടെ ആകുമ്പോൾ ഭീകരത വർധിക്കുന്നു.

ഇത്തരത്തിലുള്ള പ്രവർത്തികൾ തുടരുകയാണെങ്കിൽ നമ്മുടെ ലോകത്തിന്റെ അവസ്ഥ വളരെ പരിതാപകരമായി തീരും....

## നിർമ്മിത ബുദ്ധിയുമായി ബന്ധങ്ങൾ സ്ഥാപിക്കപ്പെടുമ്പോൾ ....

വളരെ നിഷ്കളങ്കമായ ബന്ധമാണ് സൗഹൃദം. അതുപോലെതന്നെ പവിത്രമായ ഒരു ബന്ധമാണ് പ്രണയം. ഇന്ന് കാലം മാറിയപ്പോൾ മനുഷ്യർക്ക് മറ്റൊരു മനുഷ്യനോട് മിണ്ടാൻ താത്പര്യമില്ലാതെയായി. ഇന്ന് ആ നിഷ്കളങ്കവും പവിത്രവുമായ ബന്ധങ്ങളൊക്കെ അറ്റുപോയിക്കൊണ്ടിരിക്കുകയാണ്.

ഇന്ന് തന്റെ ആത്മാർത്ഥ സുഹൃത്താരാണെന്ന് ചോദിച്ചാൽ പലരുടെയും ഉത്തരം 'മെറ്റ എ.ഐ', 'ചാറ്റ് - ജി.പി.റ്റി' എന്നൊക്കെയാകും. ഇന്ന് ഇത്തരം നിർമ്മിത ബുദ്ധിയെ ആളുകൾ പ്രണയിക്കുക വരെ ചെയ്യുന്നു. ഇന്ന് മനുഷ്യനും - മനുഷ്യനും തമ്മിലുള്ള ബന്ധം കുറയുന്നു. പകരം മനുഷ്യനും - നിർമ്മിത ബുദ്ധി-

64-ാമത് കേരള സ്കൂൾ കലോത്സവം
പ്രോഗ്രാം കമ്മിറ്റി

യുമായുള്ള ബന്ധം വളർന്നു. റോബോട്ടുകളെ വിവാഹം ചെയ്യുന്ന കാലം വിദൂരമല്ല. മനുഷ്യബന്ധങ്ങൾ ശോഷിച്ചുകൊണ്ടിരിക്കുന്നു. മറുവശത്ത് വികാരമോ, പ്രണയമോ ഒന്നും അറിയാത്ത നിർമ്മിത ബുദ്ധിയുമായുള്ള ബന്ധം വളർന്നുകൊണ്ടിരിക്കുന്നു.

## സർഗ്ഗാത്മകത ഇന്നെവിടെ ?

നമ്മുക്കെല്ലാവർക്കുമറിയാം ഇന്ന് നിർമ്മിത ബുദ്ധി വളർന്നുകൊണ്ടിരിക്കുന്നു. എന്നാൽ മനുഷ്യന്റെ സർഗ്ഗാത്മകതയോ ? നിർമ്മിത ബുദ്ധി എത്തിയതോടെ പലരും തന്റെ തലച്ചോറ് ഉപയോഗിക്കാതെയായി. എല്ലാം അവർക്ക് അവരുടെ വിരൽത്തുമ്പിൽ ലഭിക്കുന്നു. തന്റേതായ കാര്യങ്ങൾ ചിന്തിക്കാനോ, കഴിവുകൾ വികസിപ്പിക്കാനോ അവർ തയ്യാറാകുന്നില്ല. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് കുട്ടികളെയാണ്. ചിന്തിച്ചും, ചിരിച്ചും വിവേകം സ്വയം ആർജ്ജിക്കേണ്ട കാലമാണ് ബാല്യം. ഇന്ന് നിർമ്മിത ബുദ്ധി വന്നതോടെ കുട്ടികൾ അതൊന്നും ചെയ്യുന്നില്ല. നിർമ്മിത ബുദ്ധി പറയുന്നതെന്തും അവർക്ക് 'വേദവാക്യമായി' മാറിയിരിക്കുന്നു. മറ്റാരെക്കാളും ഇന്ന് മനുഷ്യർക്ക് ഏറെ വിശ്വാസം നിർമ്മിത ബുദ്ധിയെയാണ്.

ഇത്തരത്തിൽ നിർമ്മിത ബുദ്ധിയുടെ കാലഘട്ടം

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

തുടരുകയാണെങ്കിൽ 'സർഗ്ഗാത്മകത' എന്നത് ഇല്ലാതാകും എന്നത് നിസ്സംശയമാണ്.

## നിർമ്മിത ബുദ്ധി സാഹിത്യകാരനാകുമ്പോൾ...

'മലയാള ഭാഷാ പിതാവ് എഴുത്തച്ഛനാണെന്നാണ് നമ്മൾ പഠിച്ചുവന്നത്' ഇനി വരുന്ന തലമുറയ്ക്ക് നിർമ്മിത ബുദ്ധി ഭാഷാപിതാവാകുമോ എന്ന് നമ്മൾ ഭയപ്പെടേണ്ടിയിരിക്കുന്നു.

പണ്ട് ബഷീറിന്റെ പ്രേമലേഖനവും, ഒ.വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസവും, കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകിയും' ഒക്കെ വായിച്ചാണ് കഴിഞ്ഞ കാലഘട്ടങ്ങളൊക്കെ വളർന്നുവന്നത്. എന്നാൽ ഇനി വരുന്ന തലമുറ നിർമ്മിത ബുദ്ധിയുടെ രചനകൾ വായിച്ചാകും വളർന്നുവരാൻ സാധ്യത. കാരണം ഇന്ന് നിർമ്മിത ബുദ്ധി സാഹിത്യരചനകൾ വരെ നിർവ്വഹിക്കുന്നു. മനുഷ്യൻ എഴുതിയപോലെ എന്ന് നമ്മെ തോന്നിപ്പിക്കും വിധത്തിലുള്ള രചനകൾ അത് സൃഷ്ടിക്കുന്നു. ഇവിടെ സാഹിത്യം ഇല്ലാതാകുന്നു. ഓരോ ~~തലമുറ~~ തലമുറയും മുന്നോട്ട് പോകുമ്പോൾ ഓരോ സാഹിത്യകാരനും മുമ്പോട്ട് വരുന്നു. ഇത്തരത്തിൽ നിർമ്മിത ബുദ്ധിയുടെ കാലഘട്ടം തുടർന്നാൽ എന്താണ് സംഭവിക്കുക?

പതിയെ പതിയെ നിർമ്മിത ബുദ്ധിയൊരു സാഹിത്യകാരനായി നിലകൊള്ളും. ഓർക്കുക മനുഷ്യാനുഭവങ്ങൾ പങ്കുവെയ്ക്കുന്ന ജീവിതത്തിന്റെ കയ്പും മധുരവും സ്വന്തം അനുഭവങ്ങളിലൂടെ പങ്കുവെയ്ക്കുന്ന, സാമൂഹിക പ്രശ്നങ്ങൾ ഉയർത്തുന്ന, മാനുഷിക മൂല്യങ്ങൾ നമുക്ക് പകർന്നു തരുന്ന സാഹിത്യരചനകൾ ഒരിക്കലും ഒരു നിർമ്മിത ബുദ്ധിക്കും അത്ര ആഴത്തിൽ നമ്മിലേക്ക് എത്തിക്കാൻ കഴിയില്ല.

## കൊലയാളിയായി തീർന്നേക്കാൻ കഴിയുന്ന റോബോട്ടുകൾ...

നമുക്കറിയാം. ഇന്ന് നിർമ്മിത ബുദ്ധി അടിസ്ഥാനമായി പല റോബോട്ടുകളും യന്ത്രങ്ങളും മറ്റും നിർമ്മിക്കപ്പെടുന്നു. ഒരു പക്ഷെ ഇനി വരുന്ന തലമുറയിൽ മാനവരാശിയേക്കാളേറെ റോബോട്ടുകൾ നമ്മുടെ ലോകത്ത് നിറഞ്ഞേക്കാം.

എന്തെന്നോ മനുഷ്യൻ റോബോട്ടുകളുടെയും മറ്റു യന്ത്രങ്ങളുടെയും ചിപ്പുകളിൽ നിറച്ചുവച്ചിരിക്കുന്നത് അതിനനുസൃതമായി മാത്രമേ അത് പ്രവർത്തിക്കൂ. ഒരാൾ മറ്റൊരാളെ കൊല്ലണമെന്ന് അതിന്റെ ചിപ്പിൽ നിറച്ചാൽ [ഫീഡ് ചെയ്താൽ] അത് ആ കാര്യം നല്ല വൃത്തിയായി ചെയ്യും.

അതായത് അതൊരു മലയാളിയായി മാറും. മനുഷ്യൻ അതിന് നിർദ്ദേശങ്ങൾ നൽകുന്നതനുസരിച്ച് അതിന്റെ സ്വഭാവവും മാറുന്നു. നമ്മൾ മലയാളികൾ പറയുന്നതുപോലെ "ആട്ടിൻതോലിട്ട ചെന്നായ്ക്കളാണ്" ഇത്തരം യന്ത്രങ്ങൾ. അതിനാൽ തന്നെ ഇവ നമ്മൾ വളരെയധികം സൂക്ഷ്മതയോടെ വേണം കൈകാര്യം ചെയ്യാൻ.

## പുതിയ രൂപങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ

ഇന്ന് നിർമ്മിത ബുദ്ധിയോട് നിർദ്ദേശങ്ങൾ നൽകി അത്തരത്തിലുള്ള ഒരു പെൺകുട്ടിയെയോ, ആൺകുട്ടിയെയോ, അല്ലെങ്കിൽ മൃഗങ്ങളുടെയോ ... എന്തും തന്നെയാകട്ടെ നിമിഷനേരം കൊണ്ട് അത് നമ്മുക്കുണ്ടാക്കി തരും.

അതായത് 'മിഥ്യാരൂപങ്ങൾ' വരെ നിർമ്മിത ബുദ്ധി സൃഷ്ടിക്കും. ഇതിനാൽ തന്നെ പലരും ചൂഷണം ചെയ്യപ്പെടാനും, ചതിയിൽ അകപ്പെടാനും സാധ്യത ഏറെയാണ്.

ലോക പ്രശസ്തനായ 'ഇലോൺ മസ്ക്' വരെ നിർമ്മിത ബുദ്ധി അപകടകരമാണെന്ന് പറഞ്ഞിട്ടുണ്ട്.

## സൈബർ കുറ്റകൃത്യങ്ങൾ ഏറുമ്പോൾ

ഈ 'സൈബർ' എന്ന വാക്ക് ഇന്നത്തെ തലമുറയ്ക്ക് വളരെയധികം പരിചിതമാണ്. ഈ നിർമ്മിത-ബുദ്ധിയുടെ വരവോടെ സൈബർ കുറ്റകൃത്യങ്ങളും നമ്മുടെ ഇടയിലേറുന്നു. 'ആൾമാറാട്ടം', പൈസ തട്ടിപ്പ്, വിവരണ മോഷണം എന്നിങ്ങനെ ഏറുന്നു.

'സൈബർ ബുള്ളിയിങ്ങും' ഇന്ന് സാധാരണമായിരിക്കുന്നു. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ പലരും ഇത്തരം കാര്യങ്ങൾ ചെയ്യുന്നു.

## 'സംസ്കാരം' അന്യമാകുമ്പോൾ ...

ഓരോ വ്യക്തിക്കും ഓരോ നാടിനുമെല്ലാം ഒരു സംസ്കാരമുണ്ട്. എന്നാൽ ഇന്ന് 'സംസ്കാരശൂന്യതയി-ലേക്ക് കൃത്രിമ ബുദ്ധിയുടെ കടന്നുവരവോടെ എത്തിയിരി-ക്കുന്നു.

തന്റെ സംസ്കാരം മറന്ന് ~~പ്രവർത്തിക്കാനായി~~ അവർ പ്രവർത്തിക്കുന്നു. 'സംസ്കാരം' എന്നത് വെറും നാല് അക്ഷരങ്ങളിൽ ഒതുങ്ങിത്തീർന്നിരിക്കുന്നു. മനുഷ്യനെ മറ്റു മൃഗങ്ങളിൽ നിന്ന് വേറിട്ടു നിർത്തുന്നത് മാനുഷിക മൂല്യങ്ങളും സംസ്കാരവുമൊക്കെയാണ്. എന്നാലി-ന്ന്, പരിണാമം ചെയ്യപ്പെട്ട മനുഷ്യർ തിരിച്ച് മൃഗം എന്ന അവസ്ഥയിലേക്ക്

തിരികെയെത്താർക്കുമോ എന്ന് ~~ചിന്ത~~ ഭയപ്പെടേണ്ടിയിരിക്കുന്നു.

## ഇനി വരുന്നൊരു തലമുറയ്ക്കിവിടെ വാസം സാധ്യമോ ?

നാം ഓരോരുത്തരും ഇന്ന് നമ്മളോട് ചോദിക്കേണ്ട ഒരു ചോദ്യമാണിത്. ഇത്തരത്തിൽ നിർമ്മിത ബുദ്ധിയുടെ പ്രവർത്തനങ്ങൾ മുമ്പോട്ട് ~~പ~~ പോകുകയാണെങ്കിൽ 'റോബോട്ട് യുഗത്തിൽ' നമ്മൾ എത്തിപ്പെടും. അതിനാൽ തന്നെ ഇത് നിയന്ത്രിക്കപ്പെട-ണം.

'അധികമായാൽ അമൃതും വിഷം എന്നല്ലേ'.. അതിനാൽ തന്നെ നിർമ്മിത ബുദ്ധിയെ നല്ല രീതിയിൽ മാത്രം ഒരു നിയന്ത്രണത്തോടെ നമുക്ക് ഉപയോഗിക്കാം. അധികമായാൽ ഇതും വിഷമായി തീരും. വെറും വിഷമല്ല ലോകത്തെ തന്നെ നശിപ്പിക്കാൻ കഴിയും വിധമുള്ള 'കൊടും വിഷമായി' മാറും. ഒരു മനുഷ്യ-ബുദ്ധിക്കും ~~മേലെയല്ല~~ മുകളിലല്ല നിർമ്മിത ബുദ്ധിയെന്ന സത്യം നാം മനസ്സിലാക്കണം. കാരണം ഇന 'നിർമ്മിത ബുദ്ധിയെ' കണ്ടുപിടിച്ചതൊരു മനുഷ്യനാണ്. അതിനാൽ തന്നെ നിർമ്മിത ബുദ്ധിയിലും എത്രയോ മുകളിലാണ് മനുഷ്യൻ.

നമ്മുടെ പഠനത്തിലും മറ്റുമൊക്കെ ഇത് നമ്മുക്ക് ഉപകാരപ്പെടും. അതിനെ നമ്മൾ ദുരുപയോഗം ചെയ്താൽ അത് മാനവരാശിക്കു മുഴുവൻ വെല്ലുവിളിയായി തീർന്നേക്കാം.

ഇതിനാൽ തന്നെ ഇതിന്റെ ഗുണവും ദോഷവും നമ്മൾ മനസ്സിലാക്കണം. വളർന്നു വരുന്ന തലമുറയെയും, ഇനി വരുന്ന തലമുറയെയുമെല്ലാം ഇതിന്റെ ഗുണദോഷങ്ങളെപ്പറ്റി ബോധവൽക്കരിക്കണം. അതുപോലെ തന്നെ ഇവ ഉപയോഗിക്കുന്നതിനായി ഒരു പ്രായപരിധി കൊണ്ടുവരണം. ~~അറിവും, വിവേകവും ആകുന്ന~~ തെറ്റും ശരിയും മനസ്സിലാക്കാനുള്ള ഒരു പ്രായമെത്തുമ്പോൾ മാത്രം ഇവ ഉപയോഗിക്കുക. അതുപോലെതന്നെ സാഹിത്യരചനയ്ക്കും മറ്റുമായി ഇത് ഉപയോഗിക്കാൻ അനുവദിക്കരുത്. ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നതിലൂടെ ഒരു പരിധി വരെ നമ്മുക്ക് നിർമ്മിത ബുദ്ധിയാൽ ഉണ്ടാകുന്ന ആപത്തുകളെ തടയാം.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നിർമ്മിത ബുദ്ധി ഒരിക്കലും ഒരു സർഗ്ഗാത്മകതയല്ല ... അതൊരു 'സംഹാരം' തന്നെയാണ്. എന്നാൽ അതൊരു സംഹാരമായി തീർന്ന് ആപത്തുകൾ വിതയ്ക്കാതിരിക്കാൻ നേരായ കാര്യങ്ങൾക്കുവേണ്ടി മാത്രം അതിനെ ഉപയോഗിക്കുക.

'മനുഷ്യത്വത്തോളം' ഒരു നിർമ്മിത ബുദ്ധിയും വളർന്നിട്ടില്ല. ഇനി വളരാൻ സാധിക്കത്തുമില്ല. അതിനാൽ തന്നെ അത് 'സർഗ്ഗാത്മകതയല്ല' മറിച്ച് 'സംഹാരമാണെന്ന്' തിരിച്ചറിവോടെ ഉപയോഗിക്കുക.

എങ്കിൽ മാത്രമേ ഇനിയുള്ള കാലം മനുഷ്യജീവന്റെ തുടിപ്പ് ഭൂവിയിൽ നിലനിൽക്കുകയുള്ളൂ.